31

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- വനിതാ ഗൃഹനാഥരുടെ കുഞ്ഞുങ്ങൾക്കുള്ള വിദ്യാഭ്യാസ ധനസഹായം- പുതുക്കിയ മാനദണ്ഡങ്ങളും തുകയും-ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം524/2015/സാനീവ** **തീയതി, തിരുവനന്തപുരം 18.08.2015**

---

പരാമർശം: (1) 08/05/2014 ലെ സ.ഉ.(സാധാ) 322/2014/ സാനീവ നമ്പർ ഉത്തരവ്.
(2) 7/07/2015 ലെ സാമൂഹ്യ നീതി ഡയറക്ടറുടെ . എഫ്3- 28235/15 നമ്പർ കത്ത്.
(3) 22/07/15 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്ന വനിതാ ഗൃഹനാഥരുടെ മക്കളുടെ വിദ്യാഭ്യാസ ധനസഹായവും കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന സ്നേഹപൂർവ്വം പദ്ധതിയും ചില സമാനതകളുള്ളവയായതിനാൽ ഒരു ഗുണഭോക്താവിന് ഈ രണ്ട് പദ്ധതി പ്രകാരവും അപേക്ഷ സമർപ്പിക്കുവാനും വ്യാജ സാക്ഷ്യപത്രത്തിന്റെ സഹായത്തോടെ രണ്ട് ധനസഹായവും ലഭിക്കാനിടവരുന്ന സാഹചര്യം നിലവിലുണ്ടെന്നും. ഈ ഇരട്ടിപ്പ് ഒഴിവാക്കുവാനായി വനിതാ ഗൃഹനാഥരുടെ മക്കളുടെ വിദ്യാഭ്യാസ ധനസഹായ പദ്ധതി പ്രകാരം. വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നതിന് ചുവടെ പറയുന്ന വിഭാഗത്തിൽപ്പെടുന്നവരെ മാത്രം ഉൾപ്പെടുത്തി മാനദണ്ഡം പുതുക്കി നിശ്ചയിക്കേണ്ടതുണ്ടെന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

1) ബിപിഎൽ വിഭാഗത്തിൽപ്പെടുന്നവർക്ക് മാത്രമായിരിക്കും ധനസഹായത്തിന് അർഹതയുള്ളത്.

2) വിവാഹമോചിതരായ വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

3) പുനർവിവാഹം കഴിച്ചവർക്ക് ഈ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

4) ഭർത്താവ് ഉപേക്ഷിച്ച് പോയ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും

5) ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

6) ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ്/ പക്ഷാഘാതം മൂലം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്ത വിധം കിടപ്പിലായ കുടുംബങ്ങളിലെ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

7) നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

8) അപേക്ഷകളിൽ സർക്കാർ നൽകുന്ന മറ്റൊരു വിദ്യാഭ്യാസ ധനസഹായത്തിനും സ്കൂൾ/കോളേജ് വഴി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന സാക്ഷ്യപ്പെടുത്തൽ സ്ഥാപന മേധാവി വരുത്തേണ്ടതാണ്.

9) അപേക്ഷകൾ അങ്കണവാടി വർക്കർമാർ വഴി അതാത് സമർപ്പിക്കേണ്ടതും. സി.ഡി.പി.ഒ.മാർ അന്വേഷണം നടത്തി വിവ ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തിയശേഷം ജില്ലാ ഓഫീസർക്ക്

2) വനിതാ ഗൃഹനാഥരുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ ധനസഹാ മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ അംഗീകരിച്ച് ഇതിലേക്കാവശ്യമായ 3 കോടി പ്രകാരമുള്ള ഉത്തരവിൽ നിഷ്കർഷിക്കും വിധം ചെലവഴിക്കുന്നത് ഉചിതമായിരിക്കുമെന്ന് സാമ്പത്തിക വർഷത്തിലെ "2235-02-103-92 പ്ലാൻ" ശീർഷകത്തിൽ അവശേഷിക്കുന്ന രൂപയിൽ നിന്നും കണ്ടെത്താവുന്നതാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്

3) 22/07/15 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ എ.ആർ. ടി തെറാപ്പി ചികിത്സയ്ക്ക് വിധേയരാകുന്ന എച്ച്.ഐ.വി ബാധിതരായ വ്യക്തിക ഉൾപ്പെടുത്തേണ്ടതാണ് എന്ന നിബന്ധനയോടെ ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടു

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിതാ ഗൃഹനാഥരുടെ കുഞ്ഞുങ്ങ വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് പുതുക്കിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി സാമൂഹ്യനീ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന് മേൽ നിബന്ധനയ്ക്ക് വിധേയമായി ഭരണാനുമതി നൽകിയു ഇതിലേക്കാവശ്യമായ 3 കോടി രൂപ (മൂന്ന് കോടി രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-92 പ്ലാൻ ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**എ.ഷാജഹാൻ**

**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി(എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

## വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ

| | | |
|---|---|---|
| 1. | അപേക്ഷകയുടെ പേര്, അഡ്രസ്സ്, പിൻകോഡ്, ഫോൺ നം. | |
| 2. | വിദ്യാഭ്യാസ ധനസഹായം ലഭിക്കേണ്ട കുട്ടിയുടെ പേര്, ജനനതീയതി | |
| 3. | പഠിക്കുന്ന ക്ലാസ്സ്, സ്കൂൾ | |
| 4. | സംസ്ഥാന/കേന്ദ്ര സർക്കാരിൽ നിന്നും സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടോ ? 'ഉണ്ട്' എങ്കിൽ വിശദ വിവരം | |
| 5. | മുൻ വർഷം വിദ്യാഭ്യാസ ധന സഹായം ലഭിച്ചിട്ടുണ്ടോ? 'ഉണ്ട്' എങ്കിൽ വിശദ വിവരം | |
| 6. | അപേക്ഷകയുടെ തൊഴിൽ, വരുമാനം | |
| 7. | അപേക്ഷക ബി.പി.എൽ വിഭാഗത്തിൽ പ്പെട്ടയാളാണോ? (BPL സർട്ടിഫിക്കറ്റ് ഹാജരാക്കണം) | |
| 8. | അപേക്ഷക APL വിഭാഗത്തിൽപ്പെട്ട ART തെറാപ്പി ചികിത്സക്ക് വിധേയമാകുന്ന HIV/AIDS ബാധിതയാണോ ? | |
| 9 | അപേക്ഷകയുടെ ബാങ്കിന്റെ പേരും ബ്രാഞ്ചും, ബാങ്ക് അക്കൗണ്ട് നമ്പരും IFSC കോഡും | ബാങ്കിന്റെ പേര്:<br>ബ്രാഞ്ച് :<br>അക്കൗണ്ട് നം.:<br>IFSC കോഡ് : |

സ്ഥലം :
തീയതി :

**അപേക്ഷകയുടെ പേര്, ഒപ്പ്**

### വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ ശുപാർശ

. . . . . . . . . . . . . . . . . എന്ന കുട്ടി ഈ വിദ്യാഭ്യാസ സ്ഥാപനത്തിൽ . . . . . . . . . . . . ക്ലാസ്സിൽ പഠിക്കുകയാണെന്നും ടിയാന് കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നും സ്കോളർഷിപ്പോ മറ്റ് വിദ്യാഭ്യാസ ധനസഹായമോ ലഭിക്കുന്നില്ല എന്നും ഈ കുട്ടി 'സ്നേഹപൂർവ്വം' പദ്ധതി പ്രകാരമുള്ള വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

തീയതി
(സീൽ)

**വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ ഒപ്പ്**

### ശിശു വികസന പദ്ധതി ഓഫീസറുടെ ശുപാർശ

ശ്രീമതി . . . . . . . . . . . . . .(അപേക്ഷകയുടെ പേര്) BPL വിഭാഗത്തിൽപ്പെട്ട ഒരു വനിതാ ഗൃഹനാഥയാണെന്നും സ.ഉ(സാധാ) നം. 524/15 തീയതി 18.8.15 പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ടെന്ന് എന്റെ അന്വേഷണത്തിൽ ബോധ്യപ്പെട്ടിരിക്കുന്നതിനാൽ മേൽ അപേക്ഷ ശുപാർശ ചെയ്ത് കൊള്ളുന്നു.

(ഓഫീസ് സീൽ)

**ശിശു വികസന പദ്ധതി ഓഫീസറുടെ ഒപ്പ്**
**സീൽ**

N.B : അപേക്ഷക ഗൃഹനാഥയാണെന്നും BPL കുടുംബത്തിൽപ്പെട്ട ആളാണെന്നും APL ആണെങ്കിൽ അർഹതപ്പെട്ട വിഭാഗത്തിൽപ്പെടുന്നവരാണെന്നും തെളിയിക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്യണം

31

"ഭരണഭാഷ - മാതൃഭാഷ"

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 14.09.2015

എഫ് 3/28235/15

# സർക്കുലർ

വിഷയം : സാമൂഹ്യനീതി വകുപ്പ് - വനിതാ ഗൃഹനാഥരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നത് - പുതുക്കിയ മാനദണ്ഡങ്ങൾ - സംബന്ധിച്ച്.

സൂചന : 1. സ.ഉ (സാധാ) നം. 524/2015/സാനീവ തീയതി: 18.08.2015
2. സ.ഉ (സാധാ) നം. 322/2014/സാനീവ തീയതി: 08.05.2014

സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം വനിതാ ഗൃഹനാഥരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതിയും കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖാന്തിരം നടപ്പിലാക്കുന്ന "സ്നേഹപൂർവ്വം" പദ്ധതിയുമായി സമാനത ഉള്ളതിനാൽ ധനസഹായത്തിൽ ഇരട്ടിപ്പ് ഒഴിവാകുന്നതിനായി 2015-16 സാമ്പത്തിക വർഷം വനിതാ ഗൃഹനാഥരുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയിൽ മാനദണ്ഡങ്ങൾ മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവിൻ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മുകളിൽ രണ്ടാമതായി വായിച്ച സർക്കാർ ഉത്തരവിൽ അനുവദിച്ചിട്ടുള്ള തുകയിൽ മാറ്റം വരുത്തിയിട്ടില്ല. പുതുക്കിയ മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു.

1. BPL വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് ധനസഹായത്തിന് അർഹതയുള്ളത്.
2. വിവാഹമോചിതരായ വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
3. പുനർ വിവാഹം കഴിച്ചവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
4. ഭർത്താവ് ഉപേക്ഷിച്ചുപോയ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
5. ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
6. ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ് / പക്ഷാഘാതം മൂലം ജോലി ചെയ്യാനും, കുടുംബം പുലർത്തുവാനും കഴിയാത്തവിധം കിടപ്പിലായ കുടുംബങ്ങളിലെ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
7. നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

8. എ.ആർ.ടി തെറാപ്പി ചികിത്സയ്ക്ക് വിധേയരാകുന്ന വ്യക്തികളുടെ കുഞ്ഞുങ്ങൾക്കും ധനസഹായത്തിന് അർഹതയുണ്ട്.
9. അപേക്ഷകളിൽ സർക്കാർ നൽകുന്ന മറ്റൊരു വിദ്യാഭ്യാസ ധനസഹായം സ്കൂൾ/കോളേജ് വഴി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന സാക്ഷ്യപ്പെടുത്തൽ സ്ഥാപന മേധാവി വരുത്തേണ്ടതാണ്.
10. അപേക്ഷകൾ അങ്കണവാടി വർക്കർമാർ വഴി അതാത് സിഡിപിഒമാർക്ക് സമർപ്പിക്കേണ്ടതും, സിഡിപിഒമാർ അന്വേഷണം നടത്തി വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തിയശേഷം ജില്ലാ ഓഫീസർക്ക് അയയ്ക്കേണ്ടതാണ്.

ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള അപേക്ഷാ ഫാറത്തിൽ മാത്രമേ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂ. അല്ലാതെയുള്ള അപേക്ഷകൾ നിരസിക്കുന്നതാണ്.

മേൽ നിബന്ധനകൾ പ്രകാരമുള്ള അപേക്ഷകൾ മാത്രമേ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ സ്വീകരിക്കുവാൻ പാടുള്ളൂ. ഈ നിബന്ധനയിൽ ഉൾപ്പെടാത്തവരുടെ അപക്ഷകൾ KSSMന് സമർപ്പിക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്. പുതുക്കിയ നിബന്ധനകൾ പ്രകാരമുള്ള പുതുക്കിയ അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ സിഡിപിഒമാർ മുഖേന സ്വീകരിച്ച ശേഷം, എത്ര തുക ധനസഹായം നൽകുന്നതിന് വേണ്ടിവരുമെന്ന വിവരം അറിയിക്കേണ്ടതാണ്.

(08.05.2014ലെ സ.ഉ (സാധാ) നം. 322/2014/സാനീവ പ്രകാരം)

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. എല്ലാ സിഡിപിഒമാർക്കും
3. സ്റ്റോക്ക് ഫയൽ